വാട്ടർ കണക്ഷൻ നൽകുന്നത് സംബന്ധിച്ച്

128 (6287) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തിൽ നിന്ന് ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് വാട്ടർ കണക്ഷൻ കൊടുക്കുന്നതിൽ തടസ്സം നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(സി) വർഷങ്ങളായി ഇത്തരം ബിൽഡിംഗുകളിൽ താമസിക്കുന്ന ആളുകൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? വിശദാംശം അറിയിക്കുമോ ;

ഉത്തരം

(എ) അംഗീകൃത പ്ലംബർ മുഖേനയുള്ള നിശ്ചിത അപേക്ഷയോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന ഉടമസ്ഥത സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ്, ഡൈമെൻഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതാണ്. കെട്ടിട നിർമ്മാണത്തിനായി കണക്ഷനുകൾക്ക് കെട്ടിട നമ്പർ ഹാജരാക്കേണ്ടതില്ല.

(ബി) ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് ഫീസിബിലിറ്റിക്ക് അനുസൃതമായി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഈ രേഖകൾ ഉള്ള ഫ്ളാറ്റ്, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് 150 മില്ലി മീറ്ററോ അതിൽ കുറവോ വ്യാസമുള്ള വിതരണ കുഴലുകളിൽ നിന്നും വാട്ടർ കണക്ഷൻ നൽകുവാൻ നിയമം അനുവദിക്കുന്നില്ല.

(സി) ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് ഫീസിബിലിറ്റിക്ക് അനുസൃതമായി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഫ്ളാറ്റ്, ബഹുനില കെട്ടിടങ്ങൾ എന്നിവയിന്മേലുള്ള നിയന്ത്രണം ഒഴിവാക്കുവാൻ നിയമപരമായി സാധ്യമല്ല.

ഗോൾഫ് ക്ലബ്ബിലെ വാട്ടർ ചാർജ്ജ് കുടിശ്ശിക

129 (6288) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോൾഫ് ക്ളബ്ബ് സർക്കാരിനു കൈമാറാൻ കോടതി ഉത്തരവുണ്ടായ സന്ദർഭത്തിൽ ഗോൾഫ് ക്ളബ്ബ് ഭാരവാഹികൾ ക്ളബ്ബിന്റെ വാട്ടർ ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും തുക നൽകാനുണ്ടായിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly